**Athmaraksha.org**

നൊവേന

## നൊവേന അഥവാ നവനാൾ ജപങ്ങൾ




പ്രത്യേകമായ അനുഗ്രഹങ്ങൾക്കോ ഉപകാരസിദ്ധിക്കോ, അപേക്ഷകൾക്കോവേണ്ടി നടത്തപ്പെടുന്ന, ഒൻപതു ദിവസം നീണ്ട ഒരു പ്രാർത്ഥനാ പരമ്പരായാണ് നൊവേന. ഇത് സ്വകാര്യമായോ സമൂഹമായോ നടത്താവുന്നതാണ്.

ലത്തീൻപദമായ (Novem)-ൽ (ഒൻപത് എന്നർത്ഥം) നിന്നാണ് ഈ പദത്തിന്റെ ഉത്ഭവം. നൊവേനകളുടെ ഉത്ഭവത്തെപ്പറ്റി പല കാഴ്ചപ്പാടുകളുമുണ്ട്. ആദിമ ക്രൈസ്തവസഭയുടെ സാമൂഹികചുറ്റുപാടുകൾ, ദൈവശാസ്ത്രവീക്ഷണങ്ങൾ, വിശുദ്ധലിഖിതങ്ങളിലെ സംഭവവിവരണങ്ങൾ എന്നിങ്ങനെ പലതുമായും ബന്ധപ്പെട്ടവയാണ് ഇവയൊക്കെയും തന്നെ.

പ്രധാനമായും നാലു വിഭാഗം നൊവേനകളാണുള്ളത്. വിലാപത്തിന്റെ, ഒരുക്കത്തിന്റെ, പ്രാർത്ഥനയുടെ, കരുണയുടെ. ദൈവത്തിന്റെ പ്രത്യേക അനുഗ്രഹങ്ങൾക്കും, പ.കന്യാമറിയത്തിന്റെയും സഭയിലെ വിശുദ്ധരുടെയും മാദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ടും മറ്റുമുള്ള പല നൊവേനകളും പ്രചാരത്തിലുണ്ട്. ലിറ്റർജിയിൽ പ്രത്യേക സ്ഥാനമില്ലെങ്കിലും പ.സിംഹാസനം അനുവദിച്ചിട്ടുള്ളതും, ശുപാർശ ചെയ്യുന്നതുമായ ഒരു ഭക്താനുഷ്ഠാനമാണ് നൊവേനകൾ.